Rao Sahib A. Madhava Prabhu *(Chief Secretary to Government)*: The reasons why he was not posted can be gathered only if there is notice. There are 90 persons who are getting these allowances special or whatever it is. If with reference to every one of these we are to come prepared, it is impossible. We cannot assume that question will be put with reference to one particular individual. Apart from general questions it is therefore difficult for us to answer.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Is he not bound to serve the State, is he not bound to accept the pay of the grade at that moment of revision, if he wants to serve, always the option being to leave it if he wants, is it not one of the standing orders in your book.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: C. S. R.-ൽ ശമ്പളം കൊടുക്കുന്നതിനു പുറമെ പേഴ്സനൽ അലവൻസ്, ഡ്യൂട്ടി അലവൻസ് മുതലായതും കൊടുക്കാൻ പ്രൊവിഷനുണ്ട്.

Mr. K. S. Panicker *(Ezhuvas-Trichur)*: I was trying my level best to put a question but unfortunately the President was not turning to this side.

Mr. President: This is not the first time that an allegation is made against the Chair that the President has not turned this side or that side. I have not partiality in giving an opportunity to any Hon'ble Member. Therefore I would request the Hon'ble Members to stand up in their seats if they want to put questions rather than saying that the President is not turning to a particular place and thus giving rise to unnecessary mis-understanding.

മിസ്റ്റർ കെ. എസ്. പണിക്കർ: സർ, ഈ പ്രമോഷൻ കൊടുക്കുന്നതിനെ സംബന്ധിച്ചു മിസ്റ്റർ ചുമ്മാരുടേയും മിസ്റ്റർ മാധവപണിക്കരുടേയും കാര്യം ഇവിടെ പറഞ്ഞു. എന്നാൽ കൊച്ചിരാജ്യത്തിൽ ഏതുദ്യോഗത്തിലും സേവനോക്കിയുള്ള പ്രമോഷനല്ലാതെ കപാളിഫിക്കേഷനോ, പ്രാപ്തിയോ നോക്കിയുള്ള പ്രമോഷനല്ലല്ലൊ കൊടുക്കാറ പതിവു്?

റാവുസാഹിബ് എ. മാധവപ്രഭു: അല്ല.

Mr. President: That is out of order. No such insinuation can be put in a question.

There are so many important subjects waiting to be considered.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Importance varies from person to person, Sir.

INDIAN NATIONAL—FLAG—STEALING OF

149. Mr. M. I. Paul *(Narakkal)*: Will Government be pleased to state.—

(*a*) whether the Government have received representations from the Elankunnapuzha Prajamndal Committee about Indian National Flags that were stolen on the 15th night and also on the 16th night of the month of August 1947;

(*b*) if so, what action has been taken on the matter?

Rao Bahadur T. K. Nayar *(Prime Minister)*:

(*a*) Yes.

(*b*) The matter was enquired into and it was found that the spirit behind the alleged removal was only mischief. Hence further action was dropped.

മിസ്റ്റർ എം. ഐ. പോൾ: ഈ അന്വേഷണം നടത്തിയതാരാണു്?

റാവുബഹദൂർ ടി. കെ. നായർ: പോലീസ്.

മിസ്റ്റർ വി. ആർ. കൃഷ്ണയ്യർ: Mischief-നെകുറിച്ചു് അന്വേഷണം നടത്തേണ്ട എന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അന്വേഷണത്തിൽ ആളെ കണ്ടു പിടിക്കാനുള്ള വിഷമത്തിനു പുറമെ അത്ര വലിയൊരു ഗൌരവം ഈ കാര്യത്തിലുണ്ടെന്നും തോന്നിയില്ല. പ്രത്യേകം ഒരു ഉദ്ദേശം വെച്ചുകൊണ്ടാണ അങ്ങിനെ എടുത്തുകൊണ്ടുപോയതെങ്കിൽ അതിനെകുറിച്ചു കൂടുതൽ അന്വേഷിച്ചു് ആളെ കണ്ടുപിടിക്കേണ്ടതു് അത്യാവശ്യമാണു്. ഇതിൽ അങ്ങിനെയുണ്ടെന്നു തോന്നിയില്ല. ആരൊ ഒരു തമാശയ്ക്കു എടുത്തുകൊണ്ടുപോയി എന്നു മാത്രമേ കരുതാനുള്ളൂ.

മിസ്റ്റർ എം. ഐ. പോൾ: അന്വേഷണം നടത്തി എന്നു പറഞ്ഞുവല്ലൊ. വല്ലവരുടേയും സ്റ്റേറ്റുമെൻറ് എടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഐ. പോൾ: Mishicef എന്നു പറഞ്ഞുവല്ലൊ അങ്ങിനെ ചെയ്ത ആളുടെ പേരിൽ വല്ല നടപടിയുമെടുത്തിട്ടുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: Mischief എന്നു പറഞ്ഞതു് ആളെ കണ്ടുകിട്ടിയിട്ടില്ല. ആരാണെന്നു് അറിയാൻ കഴിഞ്ഞിട്ടില്ല.

മിസ്റ്റർ എം. കെ. രാജ: ഈ കായ്യം അത്ര ഒരു ഗൌരവമുള്ളതായി തോന്നിയില്ലെന്നു പറഞ്ഞുവല്ലൊ; ഇന്ത്യയുടെ ദേശീയ പതാകയെ സംബന്ധിക്കുന്ന ഒരു കായ്യംനിസ്സാരമാണെന്നാണൊ പറയുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: എന്നു പറഞ്ഞതില്ല. ഒരു ദേശീയപാതക ഒരു ദിക്കിൽ നാട്ടിയിരുന്നു. അതു മറു ദിവസം രാത്രി ആരോ എടുത്തുമാറ്റി. അതു വല്ല പിള്ളരും എടുത്തുകൊണ്ടുപോയതായിവരാം. അതുകൊണ്ടു ദേശീയപതാകയ്ക്കു അപമാനം വന്നുവെന്നു ഞാൻ വിചാരിക്കുന്നില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതു Mischief എന്നു കണ്ടുപിടിച്ചതെങ്ങിനെയാണു്?

റാവുബഹദൂർ ടി. കെ. നായർ: Enquiry-കൊണ്ടു്.

മിസ്റ്റർ വി. ആർ കൃഷ്ണനെഴുത്തശ്ശൻ: അപ്പോൾ കൊണ്ടുപോയ ആളെ അറിഞ്ഞില്ലെ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: കൊടി കൊണ്ടുപോയതു് ആരാണെന്നു കണ്ടുപിടിക്കാൻ സാധിക്കാത്തതുകൊണ്ടും, ഇതിലത്ര ഗൌരവമില്ലാത്തതുകൊണ്ടും കൂടുതൽ Enpuiry വേണ്ടെന്നു തോന്നിയെന്നു പറഞ്ഞു. അതുകൊണ്ടാണൊ Mischief എന്നു പറഞ്ഞതു്?

റാവുബഹദൂർ ടി. കെ. നായർ: അന്വേഷണം നടത്താതെയിരുന്നില്ല. അന്വേഷണം നടത്തിയിട്ടു് ആളെ കണ്ടുകിട്ടിയില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ആളെ കണ്ടുപിടിക്കാതെ പിന്നെ എങ്ങിനെയാണു Mischief എന്നു പറഞ്ഞതു്?

റാവുബഹദൂർ ടി. കെ. നായർ: അന്വേഷണം നടത്തിയ ആൾക്കു് അങ്ങിനെയാണു തോന്നിയതു്?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഏതുദ്യോഗസ്ഥനാണു അതു കണ്ടുപിടിച്ചതു്?

റാവുബഹദൂർ ടി. കെ. നായർ: പോലീസ് ഉദ്യോഗസ്ഥൻ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ സ്ഥാനത്തിന്റെ വലിപ്പം പറഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ ടി. കെ. നായർ: എല്ലാത്തിലും മേലെയുള്ള ഉദ്യോഗസ്ഥൻ. അദ്ദേഹത്തിന്റെ താഴെയുള്ള ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടു് പരിശോധിച്ചു് അയച്ചിട്ടുള്ളയനുസരിച്ചാണു ഞാനിവിടെ പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതായതു പോലീസ് കമ്മീഷണരാണൊ?

റാവുബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആഗസ്റ്റ് ൧൫-ാംനു-യുടെ ഗൌരവം മനസ്സിലാക്കീട്ടുണ്ടൊ?

റാവുബഹദൂർ ടി കെ. നായർ: ആഗസ്റ്റ് ൧൫-ാംനു-യുടെ ഗൌരവവും ഈ കൊടി എടുത്തുകൊണ്ടുപോയ സംഭവവും തമ്മിൽ ബന്ധമുണ്ടെന്നു ബഹുമാനപ്പെട്ട പ്രസിഡണ്ടു അവർകളും പറഞ്ഞാൽ ഞാൻ അതിനു മറുപടി പറയാം.

Mr. President: Perhaps he wants to hoist it in his own House.

റാവുബഹദൂർ ടി. കെ. നായർ: ൧൪-ാംനു രാത്രിമുതൽ ൧൬-ാം, ൧൭-ാം ഉൾപ്പെടെയുള്ള ദിവസങ്ങളും വളരെ ഗൌരവമുള്ളവയാണെന്നു ഞാൻ സമ്മതിക്കുന്നു.

Mr. President: The question is worded.....on the 15th night and also on the 16th night of the month of August 1947. They are not ordinary days. I believe that the act committed on that particular day has got an additional gravity.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: Supreme gravity, Sir, additional is poor നാഷണൽ ഫ്ലാഗ് എടുത്തുകൊണ്ടുപോയതു് അത്ര ഗൌരവമുള്ളകാര്യമാണൊഎന്നു ചോദിച്ചുകൊണ്ടാണു ഞാനിതുപറയുന്നതു്. സ്വാതന്ത്ര്യദിനത്തിൽ നാട്ടുന്ന നാഷണൽ ഫ്ലാഗിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

ഗൌരവമെന്താണെന്നും ഇന്നത്തെ ഗവണ്മെൻറിനു മനസ്സിലായിട്ടുണ്ടോ എന്നാണു ചോദിക്കുന്നതു്. Gravity for the offence and the seriousness and the sublimity for the hoisting.

റവന്യൂമെമ്പർ ടി. കെ. നായർ: പറയുവാനുള്ള മറുപടി ഞാൻ പറഞ്ഞു. ക്ഷാംബരാത്രി കൊണ്ടുപോയതായാലും അതിനുമുമ്പുകൊണ്ടുപോയതായാലും കൊണ്ടുപോകുന്നതിന്റെ ഗൌരവത്തെ സംബന്ധിച്ചിടത്തോളം വലിയ വ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. അതു വല്ല കുട്ടികളോ മറ്റോ എടുത്തുകൊണ്ടുപോയതായിരിക്കുമെന്നാണു തോന്നുന്നതു്. ഏതായാലും ആളെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളൂ.

Mr. President : In my view the question has been sufficiently answered and in view of the other important questions we will pass on to the next question.

PUBLIC SERVICE COMMISSION—COMMUNAL REPRESENTATION—INFORMATION REGARDING

150. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) സർവ്വീസ് കമ്മീഷണിൽ സവർണ്ണഹിന്ദുക്കൾ, ഈഴവൻ, മുസ്ലീമിങ്ങൾ കത്തോലിക്കർ എന്നീ സമുദായ വിഭാഗങ്ങളിൽപെട്ട അംഗങ്ങളുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതു സമുദായത്തിൽനിന്നു്;

(സി) ആ സമുദായത്തിനു കൊച്ചിയിലുള്ള ജനസംഖ്യാബലം എത്ര;

(ഡി) അവർ കൊച്ചിയിലെ ജനസംഖ്യയിൽ എത്ര ശതമാനം വരുന്നുണ്ടു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) & (ബി) സവർണ്ണഹിന്ദുക്കൾ, ഈഴവർ എന്നീ സമുദായങ്ങളിൽപെട്ട അംഗങ്ങൾ പബ്ലിക്കു് സർവ്വീസു് കമ്മീഷനിൽ ഇപ്പോൾ ഉണ്ടു്.

(സി) & (ഡി) ക്ഷ ൽ ശ ാലെ സെൻസസ്സുപ്രകാരം

	ജനസംഖ്യ	ആകെ ജനസംഖ്യയുടെ എത്ര ശതമാനം എന്നു്
മുസ്ലീം	ക്ഷ, ഠ ൻ, ഫ വ വ	ഉ·ന്യ
കത്തോലിക്കർ	ന, ർ ൻ, ഛ ന്യ ൻ	ഛ ർ · ഉ

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: സർവ്വീസ്കമ്മീഷനിൽ സവർണ്ണഹിന്ദുക്കൾ, ഈഴവർ ഈ സമുദായങ്ങളിൽ പെട്ടവരുണ്ടെന്നു പറഞ്ഞു. മറ്റു സമുദായങ്ങളിൽപെട്ടവർ ആരെങ്കിലുമുണ്ടോ? അതോ കമ്മീഷനിലുള്ള മറ്റുള്ളവരും ഈ സമുദായങ്ങളിൽതന്നെ പെട്ടവരാണോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അല്ല. ക്രിസ്ത്യൻസമുദായത്തിൽനിന്നു് ഒരാളുണ്ടു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ക്രിസ്ത്യൻസമുദായത്തിലെ ഏതു വിഭാഗത്തിൽ പെട്ട ആളാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പ്രൊട്ടസ്റ്റാൻറു് ആണു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ആ സമുദായത്തിന്റെ കൊച്ചിയിലെ ജനസംഖ്യ എത്ര?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസ്സു വേണം.

മിസ്റ്റർ ജോസു് കെ. വട്ടീസു്: കത്തോലിക്കർക്കു ഒരു പ്രതിനിധിയെ കൊടുക്കാത്തതെന്താണു്; അവർക്കു വിപ്ലവമനഃസ്ഥിതി ഇല്ലാത്തതുകൊണ്ടാണോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അല്ല.

മിസ്റ്റർ ജോസു് കെ. വട്ടീസു്: എന്തുകൊണ്ടു പിന്നെ കത്തോലിക്കർക്കു കൊടുത്തില്ല?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: എല്ലാ സമുദായങ്ങൾക്കും പ്രാതിനിദ്ധ്യം കൊടുക്കാൻ തുടങ്ങിയാൽ പബ്ലിക്കു്സർവ്വീസ്കമ്മീഷനിലെ അംഗങ്ങൾ വളരെ അധികം.

മിസ്റ്റർ ജോസു് കെ. വട്ടീസു്: മറ്റു പ്രധാന സമുദായങ്ങളെപ്പോലെതന്നെ പ്രാധാന്യമുള്ള കത്തോലിക്കാസമുദായത്തെ അവഗണിക്കാൻ കാരണമെന്താണു്?

Mr. K. Balakrishna Menon *(Minister for Food and Education)*: I would request the Hon'ble Member to repeat the question, because in the welter of questions coming, I didn't hear it.

LIBRARY ARCHIVES Kerala Legislative Assembly